Powered by



# സാക്ഷ്യം

## ഡിജിറ്റൽ മാഗസിൻ 2020

## എൻ എസ് എസ് എച്ച് എസ് എസ് ചുരക്കോട്

Powered by

*സാക്ഷ്യം ഡിജിറ്റൽ മാഗസിൻ 2*



## ഉള്ളടക്കം...


.......................................................................................2
.......................................................................................3
മഴ.......................................................................................4
പൂച്ച.......................................................................................5
ലോകം ഉറ്റു നോക്കുന്ന പതിനഞ്ചു വയസുകാരി.......................................................................................6
പ്രളയം.......................................................................................8
എന്റെ ഗ്രാമം.......................................................................................10
കർഷകൻ.......................................................................................11
അച്ഛൻ.......................................................................................12
കുമാരനാശാൻ.......................................................................................13
ഉള്ളൂർ എസ് പരമേശ്വരയ്യർ.......................................................................................14
വള്ളത്തോൾ നാരായണമേനോൻ.......................................................................................15
പഴംചൊല്ലുകൾ.......................................................................................17
മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാർ.......................................................................................18
എന്റെ രാജ്യം.......................................................................................19
കല്പകം.......................................................................................20
വെള്ളം.......................................................................................21


***എൻ എസ് എസ് എച്ച് എസ് ചുരക്കോട്***

Powered by



## പത്രാധിപസമിതി

- വി ഉഷാകുമാരി — എച്ച് . എം
- സ്മിത എസ് നായർ — എച്ച് എസ് ടി
- ബിന്ദു ആർ — എച്ച് എസ് ടി
- അശ്വിൻ പിള്ള ഒ — ലിറ്റിൽ കൈറ്റ് അംഗം
- ചിൻമയ് ഹരി ഉണ്ണിത്താൻ — ലിറ്റിൽ കൈറ്റ് അംഗം



കവർപേജ് രൂപകല്പന

അശ്വിൻ പിള്ള ഒ

ശ്രുതി എ

( ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ)

# സന്ദേശം

വിദ്യാർത്ഥികൾക്ക് ഏറെ താൽപര്യമുള്ള മേഖലയാണ് ഐടി.

നിരവധി സാധ്യതകളുള്ള മേഖലകൂടിയാണിത്.കൂട്ടായ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്താൻ ഇ-മാഗസിൻ പോലുള്ള പ്രവർത്തനങ്ങളിലൂടെ കഴിയട്ടെയെന്ന ആശംസിക്കുന്നു

സ്നേഹപൂർവ്വം,

വി. ഉഷാകുമാരി

ഹെഡ്മിസ്ട്രസ്സ്

Powered by KITE Kerala Infrastructure and Technology for Education

## എഡിറ്റോറിയൽ

' സാക്ഷ്യം' എന്ന ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ എൻ എസ് എസ് ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗ്ഗനിർദേശങ്ങൾ നൽകിയ സ്മിത ടീച്ചറിനും ബിന്ദു ടീച്ചറിനും നന്ദി.

അശ്വിൻ പിള്ള

എഡിറ്റർ

# മഴ....



നിർത്തുള്ളികൾ

മണിയോലിച്ചാർത്തി വിരൾത്തുമ്പിൽ മെല്ലെ തഴുകി എത്തി
വഴിയേ
വിരൾത്തുമ്പിൽ മെല്ലെ തഴുകി വരികയായ്

നിൻ  മണിയേലി നാദം
എൻ കാതിൽ പതിഞ്ഞു എൻ മനം നി കവർന്നു
മഴ ഒരു മുകിലായ് താനെ വന്നെൻ മൗനം ഇഷ്ടമാക്കി

മനസിൻ നേർത്ത മഴയായ്
നി എൻ കാതിൽ മന്ത്രിച്ചു

# പൂച്ച



അപ്പുവിന്റെ വീട്ടിലെ പൂച്ചയാണ് അമ്മു അവൾ സുന്ദരിയാണ് കുറുമ്പിയാണ് സ്നേഹമുള്ളവളുമാണ്.ഒരു ദിവസം അവൾ ക്ഷീണിതയായി കിടന്നപ്പോൾ എന്തോ ഒന്ന് അവളുടെ മുന്നിലൂടെ പോകുന്നതായി തോന്നി അവൾ തിരിഞ്ഞു നോക്കിയപ്പോൾ ദേ ഒരു എലി ! അവൾ അന്താളിച്ച പോയി .അവൾ ഒട്ടും വിട്ടു കൊടുത്തില്ല അവളുടെ കുതന്ത്രം പ്രയോഗിച്ച ആക്ചൽ ആ എലിയെ

ആക്രമിക്കാൻ നോക്കി . പാവം ഏലി ഇതൊന്നും അറിഞ്ഞില്ല

*പക്ഷെ ഒരുദിവസം അവൾ ഈ എലിയെ വയ്യാത്ത അവസ്ഥായിൽ കണ്ടു .പാവം തോന്നിയ അമ്മു പൂച്ച അവളെ സഹായിക്കാൻ വേണ്ടി ശ്രമിച്ച . അങ്ങനെ അവൾ എലിയെ സഹായിച്ച . അങ്ങനെ അവർ നല്ല കൂട്ടുകാരായി.*

**ലോകം ഉറ്റു നോക്കുന്ന പതിനഞ്ചു വയസുകാരി**

ലോകം ഉറ്റു നോക്കുന്ന പതിനഞ്ചു വയസുകാരിയാണ് ഗ്രെയ്റ്റ ട്യുൻബെർഗ് . ഇന്നത്തെ കാലത്തേ കുട്ടികൾക്ക് മാതൃക ആകുന്ന വ്യക്തിത്ത്വമാണ് ഗ്രെയ്റ്റ.ഇന്നത്തെ കാലത്തേ കുട്ടികൾക്ക് മാതൃകയായ ഈ മിടുക്കി ഒരു സ്വീഡൻ സ്വദേശിയാണ്.സ്വീഡൻ പാർലമെന്റിനു മുമ്പിൽ സ്കൂൾ നിർത്തിവെച്ച പ്രകൃതിക്കു വേണ്ടി സംസാരിച്ച വ്യക്തിയാണ് ഗ്രെയ്റ്റ



# പ്രളയം



പേമാരിയായി വന്ന ജീവ മനസിന്നെ

ഉടലോടെ എടുത്തൊരു പ്രളയം

ഭീതിയുടെ നിഴലിക്കും

ഓർമകൾ തന്ന ശപിച്ച പ്രളയമേ

കോരിച്ചൊരിയുന്ന മഴയായി

വന്നെന്റെ സന്തോഷം കവർന്നെടുത്തു

തൊരുപ്രളയമേ

നിന്നോട് പിഞ്ചിളം കൈകൾ

എന്തുചെയ്തു ?

അമ്മയുടെ മാറിലെ പാല്കുടിച്ച് വളർന്നോരെൻ

നീ ആ അമ്മയെ കുത്തി

നോവിച്ചോരാ നിമിഷം

അമ്മയുടെ മുറിവിൽ നിന്ന് ഉണ്ടായ പ്രളയം

Powered by



# എന്റെ ഗ്രാമം



എന്റെ ഗ്രാമം വളരെയധികം ഭംഗിയുള്ളതാണ് . പടവും പുഴയും വളരെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങളും ഉള്ളതാണീ ഗ്രാമം എന്റെ ഗ്രാമത്തിൽ കുളമുണ്ട് വരമ്പുണ്ടെ മൂന്ന് ദേവി അമ്പലവും നാലു ശിവക്ഷേത്രവും ഉണ്ട് .

**എന്റെ ഗ്രാമത്തിൽ എല്ലാ ജോലി ചെയ്യുന്നവരും ഉണ്ട് . കർഷകരും ഉണ്ട് . എന്റെ ഗ്രാമത്തിൽ ക്ലബ്ബുകളും , മറ്റു പ്രോത്സാഹന പ്രസ്ഥാനങ്ങളും ഉണ്ട് എന്റെ ഗ്രാമത്തിലെ പ്രധാന സ്കൂൾ ആണ് എന്റെ സ്കൂൾ ആയ എൻ എസ് എസ് എച് എസ് ചൂരക്കോട്**

# കർഷകൻ



മണ്ണിനെ മകനായി വിണ്ണിനെ
മകളായി
പൊട്ടിയൊരു കർഷകൻ
എന്റെ അച്ഛൻ കർഷകൻ എന്നൊരു
അഞ്ചക്ഷരങ്ങളിൽ  കഴിയുന്നൊരു
ആളല്ല
കർഷകൻ മാനവന്റെ വിശപ്പകറ്റി
എല്ലുന്തിയായിരം മണ്ണിനുനല്കിയൊരു
ജീവിത കൂട്ടുകൾ അറിയാതെ നമ്മളെ പോറ്റിയ
കർഷകൻ

Powered by KITE Kerala Infrastructure and Technology for Education



# അച്ഛൻ



ജീവിത ചൂടുകൾ എന്നെ അറിയിക്കാതെ
വളർത്തിയൊരു അച്ഛൻ
അച്ഛന്റെ വിയർപ്പു
അന്നമായി ഭക്ഷിച്ച
വളർന്ന ഞങ്ങൾ
അച്ഛന്റെ നെഞ്ചിലെ
ചൂട് എന്നുമെൻ ഉള്ളിലെ
ഹൃദയമിടിപ്പ്

ജീവിതം
ഞങ്ങൾക്കായി
ഒഴിഞ്ഞു വച്ച് അച്ഛൻ
എങ്ങനെ എന്തിനു പണിയെടുപ്പതു
ഈ കടങ്ങൾ എല്ലാം എങ്ങനെ
**ഞാൻ തിരിച്ച വീട്ടു അച്ഛാ**

*എൻ എസ് എസ് എച്ച് എസ് ചുരക്കോട്*

**കുമാരനാശാൻ**

മലയാളകവിതയുടെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് എൻ. കുമാരനാശാൻ. ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.



Powered by





# ഉള്ളൂർ എസ് പരമേശ്വരയ്യർ

*മലയാള ഭാഷയിലെ പ്രമുഖ കവിയും പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് അദ്ദേഹം ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ് സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്ക്കൂൾ അദ്ധ്യാപകനായിരുന്നു. അമ്മ ചങ്ങനാശേരി സ്വദേശിനിയായ ഭഗവതിയമ്മ. അദ്ദേഹം പെരുന്നയിൽ തന്നെയാണ് തന്റെ ബാല്യകാലം ചെലവഴിച്ചത്. അച്ഛന്റെ അകാലമരണത്തെത്തുടർന്ന് അമ്മയോടൊപ്പം അച്ഛന്റെ നാടായ ഉള്ളൂരിലേക്കു താമസം മാറി. ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളകവിതയിൽ കാൽപനിക പ്രസ്ഥാനത്തിനു തുടക്കം കുറിച്ച് ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ ആധുനിക കവിത്രയം എന്നറിയപ്പെടുന്നു. കവി എന്നതിനു പുറമേ സാഹിത്യചരിത്രകാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ*

Powered by KITE Kerala Infrastructure and Technology for Education



ഉള്ളൂർ പേരെടുത്തിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# വള്ളത്തോൾ

# നാരായണമേനോൻ



മലയാളത്തിലെ മഹാകവിയും, കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനുമാണ് **വള്ളത്തോൾ നാരായണമേനോൻ.** ആധുനികമലയാള കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും, സർഗ്ഗാത്മകതകൊണ്ടും അനുഗൃഹീതനായ മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ, തികഞ്ഞ മനുഷ്യസ്നേഹിയും,

മതസൗഹാർദ്ദത്തിന്റെ വക്താവും ആയിരുന്നു. മലയാളഭാഷയെ ലോകത്തിനു മുമ്പിൽ ധൈര്യമായി അവതരിപ്പിക്കുകയും, മലയാളത്തിന്റെ തനത് കലയായ കഥകളിയെ പരിപോഷിപ്പിക്കുകയും, ലോകജനതക്കു മുമ്പിൽ സമർപ്പിക്കുകയും അതുവഴി മലയാളവും, കഥകളിയും അന്താരാഷ്ട്ര പ്രസിദ്ധി നേടുകയും ചെയ്തു.

# പഴഞ്ചൊല്ലുകൾ




അകത്തിട്ടാൽ പുറത്തറിയാം

2 അകത്തു കത്തിയും പുറത്തു പത്തിയും*

3 അകപ്പെട്ടവന് അഷ്ടമരാശി, ഓടിപ്പോയവനു ഒമ്പതാമെടത്തു വ്യാഴം-

4 അകപ്പെട്ടാൽ പന്നിച്ചുരയ്ക്കാ-

5 അകലെ കൊള്ളാത്തവൻ അടുക്കലും കൊള്ളുകയില്ലാ-

6 അകലെ പോന്നവനെ അരികെവിളിച്ചാൽ അരക്കാത്തുട്ടുചേതം (അരക്കാശുനഷ്ടം)-

7 അകൗശലലക്ഷണം സാധനദൂഷ്യം-

8 അക്കരനിന്നവൻ തോണിഉരുട്ടി-

Powered by
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



## മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാർ











1. ലളിതാംബിക അന്തർജ്ജനം
2. കുഞ്ഞുണ്ണി മാഷ്
3. വൈക്കം മുഹ്ഹമെദ് ബഷീർ
4. അൻവർ അലി
5. എം ടി വാസുദേവൻ നായർ
6. പി ഭാസ്കരൻ
7. എൻ എൻ കക്കാട്
8. ജി ശങ്കരകുറുപ്





# എന്റെ രാജ്യം



ദക്ഷിണേഷ്യയിലെ ഒരു രാജ്യമാണ് **ഇന്ത്യ**. ന്യൂഡൽഹിയാണ് ഇന്ത്യയുടെ തലസ്ഥാനം. ലോകത്തിലെ ഏറ്റവും വലിയ ഏഴാമത്തെ രാജ്യവും ഏറ്റവും അധികം ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യവും ഏറ്റവുമധികം ജനങ്ങൾ അധിവസിക്കുന്ന ജനാധിപത്യ രാഷ്ട്രവുമാണ് ഇന്ത്യ. രാജ്യത്തിന്റെ തെക്കായി ഇന്ത്യൻ മഹാസമുദ്രവും പടിഞ്ഞാറ് അറബിക്കടലും കിഴക്ക് ബംഗാൾ ഉൾക്കടലുമുള്ള ഇന്ത്യയ്ക്ക് 7,517 കിലോമീറ്ററുകൾ (4,671 മൈ.) നീളംവരുന്ന തീരപ്രദേശമുണ്ട്. ഇന്ത്യയുടെ കരപ്രദേശം പാകിസ്താൻ,അഫ്ഗാനിസ്ഥാൻ ബംഗ്ലാദേശ്, മ്യാന്മർ, ചൈന, നേപ്പാൾ, ഭൂട്ടാൻ മുതലായ രാജ്യങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ദ്വീപുകളായ ശ്രീലങ്ക, മാലദ്വീപ്, ഇന്തോനേഷ്യ എന്നിവ സമീപത്തായും സ്ഥിതിചെയ്യുന്നു.

# കല്പകം



ഒരു ദിവസം ഞാൻ മുറ്റത്തു ഇറങ്ങി നടന്നു

. അപ്പോൾ എന്റെ കണ്ണിനെ അദ്ഭുദമായി ഒരു കാര്യം പ്രത്യക്ഷ പെട്ട് . ദേ കായികത്തെ ഇരുന്ന തെങ്ങു കായ്ച്ചു നില്കുന്നു എന്തൊരു അത്ഭുതം .തേങ്ങാ ഉണ്ടാവാത്ത കൊണ്ടേ അച്ഛൻ വെട്ടാൻ ഇരുന്ന തെങ്ങു ദേ കുലച്ചു നില്കുന്നു . എല്ലാവരും അന്താളിച്ചു പോയി അപ്പോൾ അമ്മൂമ്മ പറഞ്ഞു മക്കളെ അത് തെങ്ങാണ് അത് നിങ്ങളെ പരീക്ഷിച്ചതാണ് . അതിനു ഈ മണ്ണ് വിട്ടു പോകാൻ സാധിക്കില്ല ഇനി നിൻങ്ങൾ അതിനെ വെട്ടണ്ട അത് അവിടെ നിൽക്കട്ടെ .എല്ലാവര്ക്കും സന്തോഷമായി അത് ഇനി അവിടെ തന്നെ നില്കും

Powered by
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



# വെള്ളം

കുടിക്കാൻ ഒരു തുള്ളി വെള്ളം പോലുമില്ല ഈ പഞ്ചായത്തിൽ അത് കൊണ്ടേ എല്ലാവരും കുളിക്കാറും നനയ്ക്കറുമില്ല ഒന്ന് മില്ല . എല്ലാവരും വെള്ളം കൊണ്ടേ അർ മാദിച്ചിരുന്ന നാടായിരുന്ന ഈ പഞ്ചായത്ത് ഇപ്പോൾ ദേ പ്രധീക്ഷിക്കാത്ത ഒരു വരൾച്ച
വെള്ളത്തിനായി തമ്മിൽ കലഹം വേറെ ഉണ്ടാകുന്ന അവസ്ഥായായി . ഇനി എന്ത് ചെയ്യും എന്നതായി ചോദ്യം .എല്ലാവരും അവര് വീടിന്റെ മുകളിൽ
ഒരു മഴവെള്ള സംഭരണി കൊണ്ടുവന്ന . അത് വഴി അവർ അവരുടെ പ്രശ്നങ്ങൾ മാറ്റിയെടുത്തു . അങ്ങനെ ആ നാട്ടിൽ പിന്നെ ക്ഷാമം വന്നിട്ടേ ഇല്ല .

# നന്ദി

സാക്ഷ്യം എന്ന ഡിജിര്റൽ മാഗസിൻ തയ്യാറാക്കാൻ സഹായിച്ച അഭിവന്ദ്യ ഗുരുജനങ്ങൾക്ക് ..........

ഇതിന്റെ താളുകളിലൂടെ കടന്നു പോകുന്ന സുമനസുകൾക്ക്...........